"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ ആസൂത്രണ സമിതി അംഗങ്ങളുടെ തെരഞ്ഞെടുപ്പ് - ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെയും മുനിസിപ്പൽ കൗൺസിലർമാരുടെയും അംഗസംഖ്യ, സംവരണ സ്ഥാനങ്ങളുടെ എണ്ണം എന്നിവ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1309/2026/LSGD തീയതി,തിരുവനന്തപുരം, 20-07-2026

---

പരാമർശം:- 1. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 05-12-2025 ലെ B2/139/2025-SEC നമ്പർ കത്ത്.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 05.02.2026 ലെ LSGD/PD/40474/2025-EER1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2025-ലെ പൊതു തെരഞ്ഞെടുപ്പിനെ തുടർന്ന് ജില്ലാ ആസൂത്രണ സമിതികളിലേക്ക് അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെയും മുനിസിപ്പൽ കൗൺസിലർമാരുടെയും അംഗസംഖ്യ അതാതു ജില്ലയിലെ ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും ജനസംഖ്യകൾ തമ്മിലുള്ള അനുപാതത്തിനനുസൃതമായി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും ജില്ലാ ആസൂത്രണ സമിതികളിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടേണ്ടവരിൽ സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടികജാതി, പട്ടികവർഗ്ഗ സ്ത്രീ, പട്ടികവർഗ്ഗം എന്നീ സംവരണ സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പരാമർശം (1) പ്രകാരം സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള മുനിസിപ്പാലിറ്റി ആക്ട് 53-ാം വകുപ്പ് പ്രകാരവും 1995-ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തെരഞ്ഞെടുപ്പും യോഗനടപടിക്രമവും) ചട്ടങ്ങൾ പ്രകാരവും സംസ്ഥാനത്തെ ഓരോ ജില്ലയിലും രൂപീകരിക്കേണ്ട ജില്ലാ ആസൂത്രണ സമിതികളിലേക്ക് തെരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെയും മുനിസിപ്പൽ കൗൺസിലർമാരുടെയും എണ്ണം, സംസ്ഥാനത്തെ ജില്ലാ ആസൂത്രണ സമിതികളിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടേണ്ടവരിൽ സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടികജാതി, പട്ടികവർഗ്ഗ സ്ത്രീ, പട്ടികവർഗ്ഗം എന്നീ സംവരണ സ്ഥാനങ്ങളുടെ എണ്ണം എന്നിവ അനുബന്ധ പട്ടികകളിൽ (1), (2) പറയുന്ന പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

ആയതിൻ പ്രകാരം ജില്ലാ ആസൂത്രണ സമിതികളിലേക്ക് അംഗങ്ങളെ

തെരഞ്ഞെടുക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫിസ് കോപ്പി (ഇഎം3/277/2025/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Digitally signed by
Ajith Kumar K A
Date: 20-07-2026
14:49:26

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| ക്രമ നം. | ജില്ല | ജില്ലാ ആസൂത്രണ സമിതികളിലേക്ക് തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | കൗൺസിലർമാർ/ അംഗങ്ങൾ | | | ആകെ |
| | | മുനിസിപ്പൽ കോർപ്പറേഷൻ | മുനിസിപ്പൽ കൗൺസിൽ | ജില്ലാ പഞ്ചായത്ത് | |
| 1 | തിരുവനന്തപുരം | 3 | 1 | 8 | 12 |
| 2 | കൊല്ലം | 2 | 1 | 9 | 12 |
| 3 | പത്തനംതിട്ട | 0 | 2 | 10 | 12 |
| 4 | ആലപ്പുഴ | 0 | 2 | 10 | 12 |
| 5 | കോട്ടയം | 0 | 2 | 10 | 12 |
| 6 | ഇടുക്കി | 0 | 1 | 11 | 12 |
| 7 | എറണാകുളം | 2 | 2 | 8 | 12 |
| 8 | തൃശ്ശൂർ | 1 | 2 | 9 | 12 |
| 9 | പാലക്കാട് | 0 | 2 | 10 | 12 |
| 10 | മലപ്പുറം | 0 | 2 | 10 | 12 |
| 11 | കോഴിക്കോട് | 2 | 1 | 9 | 12 |
| 12 | വയനാട് | 0 | 2 | 10 | 12 |
| 13 | കണ്ണൂർ | 1 | 2 | 9 | 12 |
| 14 | കാസറഗോഡ് | 0 | 2 | 10 | 12 |
| ആകെ | | **11** | **24** | **133** | **168** |

അനുബന്ധം 2

| ജില്ല | ജില്ലാ പഞ്ചായത്ത് അംഗങ്ങൾ | | | | | കോർപ്പറേഷൻ കൗൺസിലർമാർ | | | മുനിസിപ്പൽ കൗൺസിലർമാർ | | | ആകെ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ സ്ഥാനങ്ങൾ | സ്ത്രീ സംവരണ സ്ഥാനങ്ങൾ (ഒരു പട്ടികജാതി /പട്ടിക വർഗ്ഗ സ്ത്രീ സംവരണ സ്ഥാനം ഉൾപ്പെടെ) | പട്ടികജാതി /പട്ടിക വർഗ്ഗ സംവരണ സ്ഥാനങ്ങൾ (ഒരു പട്ടികജാതി / പട്ടികവർഗ്ഗ സ്ത്രീ സംവരണ സ്ഥാനം ഉൾപ്പെടെ) | പട്ടികജാതി /പട്ടിക വർഗ്ഗ സ്ത്രീ സംവരണ സ്ഥാനങ്ങൾ | ആകെ സംവരണ സ്ഥാനങ്ങൾ | ആകെ സ്ഥാനങ്ങൾ | സ്ത്രീ സംവരണ സ്ഥാനങ്ങൾ | ആകെ സംവരണ സ്ഥാനങ്ങൾ | ആകെ സ്ഥാനങ്ങൾ | സ്ത്രീ സംവരണ സ്ഥാനങ്ങൾ | ആകെ സംവരണ സ്ഥാനങ്ങൾ | ആകെ സ്ഥാനങ്ങൾ | സ്ത്രീ സംവരണ സ്ഥാനങ്ങൾ | പട്ടികജാതി /പട്ടിക വർഗ്ഗ സംവരണ സ്ഥാനങ്ങൾ | പട്ടികജാതി /പട്ടിക വർഗ്ഗ സ്ത്രീ സംവരണ സ്ഥാനങ്ങൾ | ആകെ സംവരണ സ്ഥാനങ്ങൾ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| തിരുവനന്തപുരം | 8 | 4 | 2 | 1 | 5 | 3 | 2 | 2 | 1 | 0 | 0 | 12 | 6 | 2 | 1 | 7 |
| കൊല്ലം | 9 | 5 | 2 | 1 | 6 | 2 | 1 | 1 | 1 | 0 | 0 | 12 | 6 | 2 | 1 | 7 |
| പത്തനംതിട്ട | 10 | 5 | 2 | 1 | 6 | 0 | 0 | 0 | 2 | 1 | 1 | 12 | 6 | 2 | 1 | 7 |
| ആലപ്പുഴ | 10 | 5 | 2 | 1 | 6 | 0 | 0 | 0 | 2 | 1 | 1 | 12 | 6 | 2 | 1 | 7 |
| കോട്ടയം | 10 | 5 | 2 | 1 | 7 | 0 | 0 | 0 | 2 | 1 | 0 | 12 | 6 | 2 | 1 | 7 |
| ഇടുക്കി | 11 | 6 | 2 | 1 | 7 | 0 | 0 | 0 | 1 | 0 | 0 | 12 | 6 | 2 | 1 | 7 |
| എറണാകുളം | 8 | 4 | 2 | 1 | 5 | 2 | 1 | 1 | 2 | 1 | 1 | 12 | 6 | 2 | 1 | 7 |
| തൃശ്ശൂർ | 9 | 5 | 2 | 1 | 6 | 1 | 0 | 0 | 2 | 1 | 1 | 12 | 6 | 2 | 1 | 7 |
| പാലക്കാട് | 10 | 5 | 2 | 1 | 6 | 0 | 0 | 0 | 2 | 1 | 1 | 12 | 6 | 2 | 1 | 7 |
| മലപ്പുറം | 10 | 5 | 2 | 1 | 6 | 0 | 0 | 0 | 2 | 1 | 1 | 12 | 6 | 2 | 1 | 7 |
| കോഴിക്കോട് | 9 | 5 | 2 | 1 | 6 | 2 | 1 | 1 | 1 | 0 | 0 | 12 | 6 | 2 | 1 | 7 |
| വയനാട് | 10 | 5 | 2 | 1 | 6 | 0 | 0 | 0 | 2 | 1 | 1 | 12 | 6 | 2 | 1 | 7 |
| കണ്ണൂർ | 9 | 5 | 2 | 1 | 6 | 1 | 0 | 0 | 2 | 1 | 1 | 12 | 6 | 2 | 1 | 7 |
| കാസറഗോഡ് | 10 | 5 | 2 | 1 | 6 | 0 | 0 | 0 | 2 | 1 | 1 | 12 | 6 | 2 | 1 | 7 |